**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1004** **02-02-2026 - ൽ മറുപടിയ്ക്ക്**

**അനിധിവേശ സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും കടന്നുകയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അനിധിവേശ സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും കടന്നുകയറ്റം സ്വാഭാവിക വനങ്ങളെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **കണ്ടെത്തിയിട്ടുണ്ട്. അധിനിവേശ സസ്യങ്ങൾ, തദ്ദേശീയ പുല്ലുകളെയും കുറ്റിച്ചെടികളെയും ഇല്ലാതാക്കുകയും, ചെറിയ നീരുറവകളും ചോലകളും ഉണങ്ങാൻ ഇടയാക്കുകയും ചെയ്യുന്നു. ഇത് ജൈവവൈവിധ്യ നഷ്ടത്തിന് കാരണമാകുകയും, വനത്തിന്റെ ഘടനയെ ബാധിക്കുകയും, ജലലഭ്യത കുറയാനും , മണ്ണിന്റെ ഉണനിലവാരം കുറയാനും ഇടയാക്കുന്നു.** |
| (ബി) | ഇത്തരം സസ്യങ്ങളെയും വൃക്ഷങ്ങളെയും ഒഴിവാക്കി സ്വാഭാവിക വനം വികസിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്; അധിനിവേശ സസ്യങ്ങളെയും വൃക്ഷങ്ങളെയും ഒഴിവാക്കി സ്വാഭാവിക വനം വികസിപ്പിക്കുവാനായി 17.12.2021 ലെ സ.ഉ(എം.എസ്).29/2021/വനം. പ്രകാരം നയരേഖ രൂപീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം പരിസ്ഥിതിക്കും ആവാസവ്യവസ്ഥക്കും ദോഷകരമായതും, കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം തുടങ്ങിയ വിദേശയിനം ഏകവിളത്തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് വട്ട, ഈട്ടി, മരുത്, പാല, ആഞ്ഞിലി, മലവേപ്പ് തുടങ്ങിയ പ്രാദേശികയിനം മരങ്ങളും, തദ്ദേശീയ ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിക്കുകയും, അതുവഴി വനങ്ങളുടെ സ്വാഭാവികത പുനഃസ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ അംഗീകൃത വർക്കിംഗ് പ്ലാൻ ശിപാർശ ചെയ്തിട്ടുള്ള മറ്റ് വനപ്രദേശങ്ങളിലും ഇക്കോ റെസ്റ്റൊറേഷൻ പദ്ധതി മുഖേന വിവിധ തദ്ദേശീയ വൃക്ഷങ്ങൾ നട്ടുവളർത്തി സ്വാഭാവിക വനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനു പുറമെ മഞ്ഞക്കൊന്ന ഉൻമൂലനം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | സ്വാഭാവിക വനശോഷണത്തിന്റെ ഫലമായിട്ടാണോ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നതെന്ന് | (സി) | **അധിനിവേശ സസ്യങ്ങളും, ജലം കൂടുതൽ വലിച്ചെടുക്കുന്ന യൂക്കാലിപ്റ്റസ്, അക്കേഷ്യ, സെന്ന** |

| | | | |
|---|---|---|---|
| | പരിശോധിക്കുമോ; വിശദമാക്കാമോ? | | **തുടങ്ങിയ വേഗം വളരുന്ന ചില വിദേശ മരങ്ങളും സ്വാഭാവിക വനശോഷണത്തിനു ഒരു പരിധി വരെ കാരണമാകുന്നുണ്ട്. അധിനിവേശ സസ്യങ്ങൾ, തദ്ദേശീയ പുല്ലുകളെയും കുറ്റിച്ചെടികളെയും ഇല്ലാതാക്കുകയും, ചെറിയ നീരുറവകളും ചോലകളും ഉണങ്ങാൻ ഇടയാക്കുകയും ചെയ്യുന്നു. അതുമൂലം മൃഗങ്ങൾക്ക് അവയുടെ സ്വാഭാവിക ആഹാരം കുറയുന്നു. കാട്ടിനുള്ളിൽ ഭക്ഷ്യലഭ്യത കുറയുമ്പോൾ വന്യമൃഗങ്ങൾ ഭക്ഷണാവശ്യങ്ങൾക്കായി ജനവാസമേഖലകളിലേക്കും, കൃഷിയിടങ്ങളിലേക്കും ഇറങ്ങാനുള്ള സാധ്യത കൂടുന്നു.** |

സെക്ഷൻ ഓഫീസർ